## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 972

25.01.2018-ലെ മറുപടി

# കേരള വാട്ടർ അതോറിറ്റി മീറ്റർ റീഡിംഗ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള | മാത്യു ടി.തോമസ്<br>(ബഹു. ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കേരള വാട്ടർ അതോറിറ്റിയിൽ വെള്ളക്കരം ഒടുക്കുന്നതിന് കമ്പ്യൂട്ടർ ബില്ലിംഗ് സമ്പ്രദായം നടപ്പാക്കിയിട്ടുണ്ടോ; എന്നു മുതലാണ് പദ്ധതി നടപ്പാക്കിയത്; വിശദാംശങ്ങൾ നൽകുമോ; | (എ) ഉണ്ട്.<br>2007 മുതൽ കമ്പ്യൂട്ടർ ബില്ലിംഗ് സമ്പ്രദായം നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. നിലവിൽ കേരള വാട്ടർ അതോറിറ്റിയിലെ 173 സെക്ഷൻ ഓഫീസുകളിൽ 158 ഓഫീസുകളിൽ പൂർണ്ണമായും കമ്പ്യൂട്ടർ ബില്ലിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ള 15 സെക്ഷൻ ഓഫീസുകളിൽ കമ്പ്യൂട്ടർ ബില്ലിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിന് നടപടികൾ പൂർത്തിയായി വരുന്നു. |
| (ബി) മീറ്റർ റീഡിംഗ് എടുക്കുന്നതിന് സംസ്ഥാന തലത്തിൽ ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; മലപ്പുറം ജില്ലയിൽ കുടുംബശ്രീ വഴി മീറ്റർ റീഡിംഗ് നടത്തുന്നുണ്ടോ; | (ബി) കുടുംബശ്രീ മുഖേനയും, കേരള സംസ്ഥാന വികലാംഗ ക്ഷേമ സൊസൈറ്റി മുഖേനയും, സൈനിക വെൽഫെയർ ഓഫീസിലെ വിമുക്ത ഭടന്മാർ മുഖേനെയും മീറ്റർ റീഡിംഗ് രേഖപ്പെടുത്താറുണ്ട്. മലപ്പുറം ജില്ലയിൽ കുടുംബശ്രീ വഴി മീറ്റർ റീഡിംഗ് നടത്തുന്നുണ്ട്. |
| (സി) പുതിയ ഏജൻസി വഴി ജില്ലയിൽ എടുത്ത ആദ്യ മീറ്റർ റീഡിംഗിൽ ഉപഭോക്താക്കൾക്ക് അമിത തുക ബില്ലായിവന്നതും നിർണ്ണയത്തിലെ അപാകതകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുന്നതിനും കൃത്യമായ റീഡിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ? | (സി) പുതിയ ഏജൻസി വഴി എടുത്ത ആദ്യ മീറ്റർ റീഡിംഗുകളിൽ ചില പിഴവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ ഉടൻ തന്നെ പരിഹരിച്ച് തുടർന്നും നിർണ്ണയത്തിൽ കൃത്യത പാലിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മലപ്പുറം സബ് ഡിവിഷനു കീഴിൽ സ്ഥിരം മീറ്റർ റീഡർമാരില്ലാത്ത മേഖലകളിൽ 6 മാസമോ അതിലധികം കാലയളവിലോ മീറ്റർ റീഡിംഗ് നടത്തുവാൻ സാധിച്ചിട്ടില്ല. ഇവിടെ കമ്പ്യൂട്ടർ ബില്ലിംഗ് |

സിസ്റ്റം പ്രാവർത്തികമാക്കിയപ്പോൾ ചില ഉപഭോക്താക്കൾക്ക് ശരാശരി ഉപഭോഗത്തിനേക്കാൾ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുണ്ട്. നിലവിൽ അടച്ചുവരുന്ന ശരാശരി റീഡിംഗ് തുകയേക്കാൾ വ്യത്യാസം വരുമെന്ന് ഉപഭോക്താക്കളെ അറിയിച്ചിരുന്നു. അത്തരം ബില്ലുകൾ തവണകളാക്കി അടയ്ക്കാനുള്ള സംവിധാനം ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ